<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804</u> <u>02-02-2024 - ൽ മറുപടിയ്ക്ക്</u>

<u>കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 31.12.2019-ലെ നോട്ടിഫിക്കേഷൻ നമ്പർ ജി.എ.-IIസി1/156687/2019/അഡ്മിൻ പ്രകാരമുള്ള അധ്യാപക നിയമനങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല ഔട്ട് ഓഫ് ടേൺ ആയി നാല് ശതമാനം ഭിന്നശേഷി സംവരണം അനുവദിച്ചത്, സുപ്രീംകോടതിയുടെ ഇന്ദ്രാസാഹ്നിയും യൂണിയൻ ഓഫ് ഇന്ത്യയും തമ്മിലുള്ള കേസിലെ വിധിക്കെതിരാണെന്നും ആയതിനാൽ റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുന:ക്രമീകരിക്കണമെന്നുമുള്ള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഡബ്ല്യു.എ നം.1527 ഓഫ് 2021 കേസിലെ ഉത്തരവിനും ആയത് ശരിവെച്ച സുപ്രീം കോടതിയുടെ സ്പെഷ്യൽ ലീവ് അപ്പീൽ(സി) നം.10045/2023 കേസിലെ ഉത്തരവിനും അനുസൃതമായി റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുന:ക്രമീകരിക്കുന്നതിന് നാളിതുവരെ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പുതുക്കിയ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാല നടത്തിയ 31.12.2019-ലെ നോട്ടിഫിക്കേഷൻ നമ്പർ ജി.എ.-IIസി1/156687/2019/Admn പ്രകാരമുള്ള അധ്യാപക നിയമനത്തിനെതിരെ ഡോ. അനുപമ കെ.പി. ഫയൽ ചെയ്ത WP(C)No. 16456/2021 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർവ്വകലാശാലയുടെ നിയമനപ്രക്രിയ രീതി അംഗീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ഡോ.അനുപമ കെ.പി. ഹൈക്കോടതിയിൽ WA No.1527/2021 in WP(C)No.16456/2021 നമ്പർ അപ്പീൽ സമർപ്പിക്കുകയും തുടർന്ന് സിംഗിൾ ബെഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് റദ്ദ് ചെയ്യുകയും പരാതിക്കാരിക്ക് നിയമനം നൽകാനും അതോടൊപ്പം സംവരണ പട്ടിക പുനഃക്രമീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് W.A. No. 1527/2021 in W.P.(C)No.16456/2021 കേസിലെ 03.02.2023 ലെ കോടതി വിധി അനുസരിച്ച് ഡോ. അനുപമ കെ.പി.യെ ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ പഠന വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ചു. കോടതി വിധിയിലെ മറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, WP(C)No.129 of 2024 കേസിലെ കോടതി വിധി അനുസരിച്ചുള്ള നടപടിയും പൂർത്തിയാകേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത കോടതി ഉത്തരവുകൾക്കനുസൃതമായി റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുന:ക്രമീകരിക്കുന്നതിന് മുമ്പെ പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സ്ഥിരനിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർവ്വകലാശാല സിന്റിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന് | (ബി) | അധ്യാപകരുടെ വിരമിക്കൽ കാരണം ധാരാളം ഒഴിവുകൾ ഉള്ളതിനാലും അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ഭാവിയിൽ വരാനിരിക്കുന്ന NAAC, NIRF തുടങ്ങിയ റാങ്കിങ് ഏജൻസികളുടെ സന്ദർശനത്തിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ വിഘാതം സൃഷ്ടിക്കും എന്ന വസ്തുതയും മുൻകൂട്ടി കണ്ടാണ് സർവ്വകലാശാല പഠന വകുപ്പുകളിലെ ഒഴിവു വന്ന അധ്യാപക തസ്തികകളിലേക്ക് |

| | | | |
|---|---|---|---|
| | ആധാരമായ വസ്തുതകളുടെ വിശദാംശം ലഭ്യമാക്കാമോ; | | (അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ) സ്ഥിരനിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചത്. |
| (സി) | പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിലേയ്ക്ക് സ്ഥിരനിയമനം നടത്തുന്നതിനുള്ള സർവ്വകലാശാല സിന്റിക്കേറ്റിന്റെ പ്രസ്തുത തീരുമാനത്തിന്മേൽ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും അവയുടെ പകർപ്പുകളും ലഭ്യമാക്കാമോ? | (സി) | തുടർനടപടികൾ സർവകലാശാല സ്വീകരിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ